ഹയസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം,ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

എ.സി.ഡി.സി1/49243/2016/എച്ച്.എസ്.ഇ

തീയതി-22/11/2016

# സർക്കുലർ

വിഷയം-ഹ.സെ.വി- SIET യുടെ എൻട്രൻസ് പരിശീലനത്തിനു വേണ്ടിയുള്ള Easy Entrance എന്ന Software വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നത്-സംബന്ധിച്ച്-

സൂചന-28/10/2016-ലെ 197/SIET/ECDs/2016 No. SIET ഡയറക്ടറുടെ കത്ത്.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയുടെ എൻട്രൻസ് പരീക്ഷാ പരിശീലനത്തിനുവേണ്ടിയുള്ള 'Easy Entrance' എന്ന സോഫ്റ്റ്‌വെയർ ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കു വേണ്ടി സ്കൂളിൽ പരിചയപ്പെടുത്തുന്നതിന് ആവശ്യമായ സമയം അനുവദിക്കുന്നതിനും SIET യുടെ പ്രവർത്തനങ്ങളുമായി സഹകരിക്കുന്നതിനും എല്ലാ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഡയറക്ടർ ഇൻ ചാർജ്

SIET KERALA

**State Institute of Educational Technology**
GOVT. OF KERALA

No. 197/SIET/E.CDS/2016 28.10.2016

To,

**Smt. M.S. Jaya IAS**
Director
Higher Secondary Education,
Thiruvananthapuram

മാഡം,

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജി (SIET) എൻട്രൻസ് പരീക്ഷാ പരിശീലനത്തിന്റെ ഭാഗമായി Easy Entrance എന്ന സോഫ്റ്റ് വെയർ വിദ്യാർത്ഥികളിലെത്തിക്കുന്നതിനായി 2013 മുതൽ പരിശ്രമങ്ങൾ നടത്തുന്നതായി താങ്കൾക്ക് അറിവുള്ളതാണല്ലോ. താങ്കൾ അടങ്ങുന്ന വിദഗ്ദ്ധരുടെ മുന്നിൽ ടി സോഫ്റ്റ്‌വെയർ പ്രദർശിപ്പിക്കുകയും ആയത് വിദ്യാർത്ഥികൾക്ക് പ്രയോജനകരമാണെന്ന് മനസിലാക്കിയിട്ടുള്ളതുമാണ്. ഭാരിച്ച തുക നൽകി സ്വകാര്യ ഏജൻസികളുടെ പരിശീലനം നേടുന്നതിൽ നിന്ന് വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും SIET യുടെ Easy Entrance ആശ്വാസം നൽകുമെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് പരമാവധി കുട്ടികളിലെത്തിക്കാൻ എസ്.ഐ.ഇ.ടി ശ്രമം നടത്തുകയാണ്.

എന്നാൽ എസ്.ഐ.ഇ.ടിയിലെ ജീവനക്കാർ Software demonstration നു വേണ്ടി അഭ്യർത്ഥിക്കുമ്പോൾ ഏതാനും ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ ആയതിന് വിസമ്മതിക്കുന്നതായി മനസിലാക്കുന്നു. ആയതിനാൽ എസ്.ഐ.ഇ.ടിയുടെ പ്രവർത്തനങ്ങളുമായി സഹകരിക്കാനും സോഫ്റ്റ്‌വെയർ പരിചയപ്പെടുത്തുന്നതിന് ആവശ്യമായ സമയം അനുവദിക്കുന്നതിനും ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്ക് അടിയന്തിര നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇതുമായി ബന്ധപ്പെട്ട് ഒരു ഇ-മെയിൽ സന്ദേശം എല്ലാ ഹയർസെക്കന്ററി പ്രിൻസിപ്പൽമാർക്കും നൽകുന്നത് ഈ പ്രവർത്തനങ്ങളെ സഹായിക്കുമെന്ന് കരുതുന്നു.

വിശ്വസ്തതയോടെ,

ബി. അബുരാജ്
ഡയറക്ടർ
എസ്.ഐ.ഇ.ടി

*Kerala Stepp[illegible] the E-Learning System*

TAGORE NAGAR - T.N.F.5, COTTON HILL SQUARE, THYCAUD P.O., VAZHUTHACAUD, THIRUVANANTHAPURAM-695 014
TEL : 0471-2338541 (Office), 0471-2338540 (Director), 0471-2338540 (Fax), 0471-2301249 (Showroom)
Website: www.sietkerala.gov.in Email: sietkerala@gmail.com